THE

# Travancore Government Gazette.

CHARITY OUR HOUSEHOLD DIVINITY

R.V.

धर्मास्माकं कुलदैवतं

# തിരുവിതാംകൊട്ടു സൎക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY.

ഉത്തരവിൻ പ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു

Vol. XXXV.] TRIVANDRUM TUESDAY FEBRUARY 2, 1897. / THYE 22, 1072. No. 5.

വാല്യം ൩൫. തിരുവനന്തപുരം ൧൮൯൭ ഫിബ്രവരി ൨ / ൧൦൭൨ മകരം ൨൨ നു- ചൊവ്വാഴ്ച നംബർ ൫.

സൂപ്രണ്ട്
സെൻട്രൽ ആർക്കൈവ്സ്
ഫോർട്ട്
തിരുവനന്തപുരം-23.

## CONTENTS.


| | Page. |
|---|---|
| Appointment ... ... ... | 165 |
| Leave of absence ... ... ... | ib |
| Assumption of charge ... ... | 166 |
| Notice cancelling section 40 of Regulation II of 1069 ... ... | ib |
| Tariff amendments ... ... ... | ib |
| Revised rules of the Government veterinary hospital Trivandrum... | 167 |
| Notice inviting tenders for the printing of the Travancore Law Reports and Circulars, Forms &c., for the use of the High Court ... | 169 |
| Notification under section 18 of Regulation II of 1068 ... ... | 170 |
| Notices about the auction sale of contract for the supply of vegetables &c. for Oottoopuras ... | 171 |
| Notice inviting tenders for the supply of materials for the Executive Engineer's office, Kottayam ... | 173 |
| Notice inviting tenders for the supply of materials to the hospital and out-houses at Nedumangad... | 177 |
| Notice regarding the auction sale of timber logs in the Quilon Beach Depot ... ... ... ... | 178 |
| Notice by the Sripathom Manager regarding the auction sale of certain lands on pattom ... | 179 |

| | പെജ |
|---|---|
| നിയമങ്ങൾ | ൧൬൫ |
| അവധി കൊടുത്ത വിവരങ്ങൾ | ,, |
| ചാൎജ ഏററ വിവരങ്ങൾ | ൧൬൬ |
| ൧൦൬൯-ാമാണ്ടത്തെ ൨-ാം റെഗുലെഷൻ ൪൦-ാം വകുപ്പു നാഗരുകൊവിൽ പട്ടണത്തിൽ സംബന്ധിക്കും എന്നതിനെ പററിയുള്ള പരസ്യം | ,, |
| താരിപ്പു പരസ്യങ്ങൾ | ,, |
| മൃഗചികിത്സ ആശുപത്രി വകക്കുള്ള ചട്ടങ്ങൾ | ൧൬൭ |
| ഹൈകൊൎട്ട വക ഫാറങ്ങളും മററും അച്ചടിച്ചു എൽപ്പിക്കുന്നതിനു ടെണ്ടർ ബൊധിപ്പിക്കെണ്ടതിനെപററിയുള്ള പരസ്യം | ൧൬൯ |
| ൧൦൬൮-ലെ ൨-ാം റെഗുലെഷൻ. ൧൮-ാം വകുപ്പനുസരിച്ചുള്ള വിളംബരം | ൧൭൦ |
| ഊട്ടുപുരകൾക്കു ചില സാമാനങ്ങൾ കുത്തകയായി എൽപ്പിക്കെണ്ടതിനെപ്പററിയുള്ള പരസ്യങ്ങൾ | ൧൭൧ |
| കൊട്ടയം എക്സിക്യൂട്ടിവ് ഇഞ്ചിനീയർ ആപ്പീസ വക പരസ്യം | ൧൭൩ |
| നെടുമങ്ങാട്ടു ആശുപത്രികെട്ടിടവകയും മററും കുത്തക ഏല്പിക്കപ്പെടെണ്ടതിനെ പററിയുള്ള പരസ്യം | ൧൭൭ |
| സഞ്ചായം കച്ചെരി വക പരസ്യം | ൧൭൮ |
| ശ്രീപാദം വക ചില വസ്തുക്കളെ പാട്ടമായി എല്പിക്കുന്നതിനെ പററിയുള്ള പരസ്യം | ൧൭൯ |

വിളംബരം

ഈ വിളംബരത്തിലെ തിയതി മുതൽ താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന സ്ഥലത്തെ ൧൦൭൭ാമാണ്ടത്തെ ൨ാം റിഗ്ഗുലെഷൻ ൧൪ാം വകുപ്പനുസരിച്ച ഒരു ഒഴിച്ചിടപ്പെട്ട വനമാക്കിയിരിക്കുന്നു.

ഹജൂർകച്ചെരി
൧൦൭൨ മകരം ൧൩നു

ദിവാൻ ശങ്കരസുബ്ബയ്യൻ.

| [illegible] | ഭൂമിയിരിക്കുന്ന താലൂക്കും പ്രവൃത്തികളും | എല്ലുകകൾ | റിസർവിന്റെ പേര് | ഉദ്ദേശ വിസ്തീർണ്ണം |
|---|---|---|---|---|
| | ചെങ്ങന്നൂർ താലൂക്ക കമ്പഴ, റാന്നി ഈ പ്രവൃത്തികൾ | വടക്ക - പമ്പാനദി (ചവരിമല മുതൽ പെരന്തെൻ അതവി വരെ)<br>കിഴക്ക - പവ്വത നിരകൾ<br>തെക്ക - അച്ചൻകൊവിൽ മല<br>പടിഞ്ഞാറു - തെക്കു തോട്ടം ബംഗ്ലാവു മുതൽ കൊപ്പംബംഗ്ലാവു വരെയും അവിടെനിന്നും നെരെ വടക്ക പെരുനാട്ടിൽ നിന്നും നാലുമയിൽ കിഴക്കുള്ള രാജമ്പാറവരെയും അവിടെ നിന്നും റാന്നി ആററിൽ ഉള്ള പെരന്തെൻ അതവി വരെയും | റാന്നി റിസവ് | [illegible] ചതുരശ്ര മയിൽ |

Noices regarding the auction sale of contract for the supply of vegetables &c. for Oottoopuras.

കൊട്ടയം ഡിവിഷൻ കച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വയ്ക്കത്തു ക്ഷെത്രത്തിൽ ൧൦൭൨ാമാണ്ട മാശിമാസം ൧൪നു അഷ്ടമി അടിയന്തരം വകക്കു സദ്യ ഉൾപ്പെട്ടതിനു വെണ്ട കാകറി വെഞ്ജനം ഉൾപ്പെട്ട സാമാനങ്ങൾക്ക ലെലംവിളിപ്പിച്ചു കുത്തക കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതാകകൊണ്ട അതിലെക്കു മനസ്സുള്ള ആളുകൾ കുംഭമാസം ൨൦നു പകൽ പത്തു മണിക്കു ൧ം കച്ചെരി മുമ്പാകെ ഹാജരായി ബൊധിപ്പിച്ചു കൊള്ളണം ലെലത്തിൽ ചെരുന്നതിനു ഓരൊരുത്തരും ൧൦ രൂപാ വീതം ഡെമണികെട്ടിവെക്കെണ്ടതും അല്ലാത്തപക്ഷം ലെലത്തിൽ ചെരുന്നതിനു സമ്മതിക്കുന്നതല്ലാത്തതും ലെലം സ്ഥിരപ്പെട്ടതിന്റെ ശെഷം കുത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിനുവെണ്ടി കുത്തക വിലയിൽ എട്ടിലൊരുഭാഗം സംഖ്യ ഡെമണി വെപ്പിക്കുന്നതും ലെലപ്രകാരം ശരിയായി നടത്തിക്കൊള്ളാമെന്നും കുത്തകക്കാരന്റെ ഉപെക്ഷയിനാലൊ വീഴ്ചയിനാലൊ വല്ല നഷ്ടങ്ങൾക്കും ഇടവന്നാൽ അതിലെക്കു ഉത്തരവാദം ചെയ്തുകൊള്ളാമെന്നും മററും ആവശ്യം ഉള്ള വിവരങ്ങൾ കാണിച്ചു മുദ്രപത്രത്തിൽ ഉടമ്പടി എഴുതി വയ്ക്കെണ്ടതുമാകുന്നു സാമാനങ്ങൾ ദെവസ്വക്കാരു ഏററുവാങ്ങുകയും രസീതു കൊടുക്കയും ചെയ്യുന്നതാണ ലെലത്തിൽ ചെരുന്നതിനായി വെക്കുന്ന ഡെമണി ലെലം സ്ഥിരപ്പെട്ട ഉടനെ തന്നെ ലെലം സ്ഥിരപ്പെട്ട ആൾ ഒഴിച്ചു ശെഷംപെക്കു തിരിച്ചു കൊടുക്കുന്നതാകുന്നു സ്ഥിരപ്പെട്ട ആളിന്റെ സംഖ്യ എട്ടിലൊരുഭാഗം ഡെമണിയുടെ കൂട്ടത്തിൽ ചെൎത്തു കണക്കാക്കുന്നതും ഉടമ്പടിപ്രകാരം ശരിയായി നടന്നാൽ എട്ടിലൊന്നു സംഖ്യയും കൊപ്പുകളുടെ വിലയും ആവശ്യംകഴിഞ്ഞ ഉടനെ കണക്കു സമാറാക്കി കൊടുക്കുന്നതുമാകുന്നു ൧ം വക സാമാനങ്ങൾ എല്ലാം ശരിയായി കീഴനടപ്പുപൊലെ അതാതു തവണക്കു വയ്ക്കത്തു വലിയകലവറയിൽ കൊണ്ടുചെന്നു തൂക്കിയും അളന്നും എണ്ണിയും എല്പിക്കെണ്ടതാകുന്നു ഏതെങ്കിലും സാമാനങ്ങളെ ശരിയായി എല്പിക്കാതെയിരിക്കയൊ കുത്തകക്കാരന്റെ വീഴ്ചയിനാലൊ ഉടമ്പടി തെററിനാലൊ വല്ല തകരാറുകളും നെരിടുകയൊ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ ഉത്തരവാദിയായി തീരും ആ നഷ്ടത്തിനു ഡെമണിക്കുപുറമെ വസ്തുവിലും പ്രവെശിച്ചു ഈടാക്കുന്നതായിരിക്കും സാമാനങ്ങൾ എല്ലാം ഒന്നിച്ചൊ ഇനത്തിൻപടി വെവ്വെറെയൊ ഒരാൾക്കൊ പലക്കുമൊ കൊടുക്കുന്നതായിരിക്കും ലെലം സ്ഥിരപ്പെടുത്തുന്നതും തള്ളുന്നതും സക്കാരിലെ യുക്തംപൊലെ ആയിരിക്കുന്നതാകുന്നു.

൧൦൭൨ മകരം ൨൩നു

ദിവാൻപെഷ്കാർ ആർ. രഘുനാഥരായര.

കൊട്ടയം ഡിവിഷൻകച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ചങ്ങനാശെരി താലൂക്കിൽ എഴുതി തീരുവയ്യുള്ള വാഴപ്പള്ളി ക്ഷെത്രത്തിൽ മീനമാസം ൧൧നു കൊടിയെറി ഉത്സവം തുടങ്ങി നടക്കെണ്ട വകക്കു വെണ്ട കൊപ്പുകൾ കുത്തക കൊടുത്തു നടത്തിക്കെണ്ടതിലെക്കായി മീനമാസം ൧൧നു ൧ം കച്ചെരിയിൽ വച്ചു ലെലം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു.

മനസ്സുള്ള ആളുകൾ പെരൊന്നിനു അഞ്ചു രൂപാ വീതം മുമ്പെറ കെട്ടിവച്ചു ലെലത്തിൽ ചെരെണ്ടതാകുന്നു.

ലെലം സ്ഥിരപ്പെട്ട ഉടനെ മുൻകെട്ടിവച്ചതുൾപ്പടെ കൊപ്പുവിലയിൽ എട്ടിൽ ഒരു ഭാഗം ഡെമണിയും മുറപ്രകാരം ഉടമ്പടിയും വെക്കെണ്ടതാകുന്നു അങ്ങനെ ചെയ്യാത്തവരുടെ രൂപാ പൊകുന്നതാകുന്നു ശെഷം പെരു കെട്ടിവച്ച രൂപാ തിരികെ കൊടുക്കുന്നതാകുന്നു

സൂപ്രണ്ട്
സെൻട്രൽ ആർക്കൈവ്സ്
ഫോർട്ട്
തിരുവനന്തപുരം-23.

൬. ദർഖാസ്തുകൾ ൧൮൯൭ ഫെബ്രുവരി ൧൮നു-ക്കു ൧൦൭൨ മാശി ൮നു ഉച്ചവരെ സ്വീകരിക്കുന്നതാണ. അതിൽ പിന്നിട്ടു കിട്ടുന്ന ദർഖാസ്തിനെ തള്ളിക്കളയും.

൭. ദർഖാസ്തുകളെ ഹാജരായിരിക്കാവുന്ന ദർഖാസ്തുകാരുടെയൊ അവരുടെ കാര്യസ്ഥന്മാരുടെയൊ മുമ്പാകെവച്ചു ൧൮൯൭ ഫെബ്രുവരി ൧൮നു-ക്കു ൧൦൭൨ മാശി ൮നു ൨ മണിക്കു ഹജൂർ കച്ചെരിയിൽ തുറന്നു നൊക്കുന്നതാകുന്നു.

൮. ദർഖാസ്തു സ്വീകരിക്കപ്പെട്ടയാൾ കുത്തക ശരിയായി നടത്തുമെന്നുള്ളതിനു ഉറപ്പിലെക്കായി ഇരുനൂറു (൨൦൦) ബ്രിട്ടീഷരൂപാ ഡെമണി ദർഖാസ്തു സ്വീകരിച്ചതായി അറിയിപ്പു കിട്ടിയതു മുതൽ ഒരാഴ്ചവട്ടത്തിനകം കെട്ടിവെക്കെണ്ടതാകുന്നു.

൯. ദർഖാസ്തു സ്വീകരിക്കപ്പെടാത്തവർ കെട്ടിവച്ചിട്ടുള്ള ആദ്യത്തെ ഡെമണിയെ അവർക്കു തിരിയെ കൊടുക്കുന്നതും കുത്തക നടത്തുന്നതിനുള്ള ഉറപ്പിലെക്കു വെണ്ട ഡെമണി രൂപാ മുഴുവൻ കെട്ടിവെക്കയും കുത്തക നടത്തിക്കൊള്ളാമെന്നു ഉടമ്പടി എഴുതിവെക്കയും ചെയ്യുന്നതു വരെ സ്വീകരിക്കപ്പെട്ട ദർഖാസ്തുകാരന്റെ ആദ്യത്തെ ഡെമണിപ്പണത്തെ തിരിയെ കൊടുക്കാതെ വച്ചുകൊള്ളുന്നതും ആകുന്നു ഉടമ്പടി പത്രം എഴുതി വെക്കുന്നതിനുള്ള ചിലവെല്ലാം കുത്തകക്കാരൻ വഹിക്കെണ്ടതാകുന്നു.

൧൦. ദർഖാസ്തു സ്വീകരിച്ച വിവരത്തിനു അറിയിപ്പു കൊടുത്തതിൽപിന്നിട്ടു ഒരാഴ്ചവട്ടത്തിനകം ദർഖാസ്തു സ്വീകരിക്കപ്പെട്ടയാൾ ആവശ്യമുള്ള ഡെമണി കെട്ടിവെക്കയും ഉടമ്പടി എഴുതിവെക്കയും ചെയ്യില്ലെന്നു വരികിൽ അയാൾ ആദ്യം കെട്ടിവച്ച ഡെമണിപ്പണത്തെ ഉപെക്ഷിക്കെണ്ടി വരുന്നതും ദർഖാസ്തിനെ ഉപെക്ഷിച്ചതായൊ തള്ളിയതായൊ വിചാരിക്കപ്പെടുന്നതും വെലയെ മററു വല്ല ആളിനെയൊ ആളുകളെയൊ കൊണ്ടു താഴെ പെരെഴുതിയിരിക്കുന്ന ആൾക്കു യുക്തമെന്നു തൊന്നുന്ന സമയത്തിലൊ സമയങ്ങളിലൊ ആയും യുക്തമെന്നു തൊന്നുന്ന വിധത്തിലും വ്യവസ്ഥകൾ അനുസരിച്ചും നടത്തിക്കുന്നതിനു ഏർപ്പാടു ചെയ്യുന്നതും ആകുന്നു. മെൽപ്പറഞ്ഞതു പൊലെ വീഴ്ചവരുത്തിയ ദർഖാസ്തുകാരൻ ഡെമണിയെ ഉപെക്ഷിക്കെണ്ടി വരുന്നതു കൂടാതെ ആ വീഴ്ച നിമിത്തം ഉണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ചിലവിനും അയാളെ ഉത്തരവാദിയാക്കുന്നതുമാകുന്നു.

൧൧. യാതൊരു കാരണവും പറയാതെ എല്ലാ ദർഖാസ്തുകളെയുമൊ അവയിൽ വല്ലതിനെയുമൊ തള്ളുന്നതിനു താഴെ പെരെഴുതി ഒപ്പിട്ടിരിക്കുന്ന ആൾക്കു അധികാരമുള്ളതാകുന്നു.

തിരുവനന്തപുരം,
ഹജൂർകച്ചെരി.
൧൮൯൭ ജനുവരി ൨൭നു-.

ദിവാൻ ശങ്കരസുബ്ബയ്യൻ.

---

സൂപ്രണ്ട്
സെൻട്രൽ ആർക്കൈവ്സ്
ഫോർട്ട്
തിരുവനന്തപുരം-23.
സെൻട്രൽ ആർക്കൈവ്സ് ഫോർട്ട്, തിരുവനന്തപുരം-23.

It is hereby notified under section 18 of Regulation II of 1068 that, from and after this date, the tract specified in the subjoined schedule shall be deemed to be a Reserved Forest.

Huzur Cutcherry,
Trivandrum, 27th Jan. 1897.

SHUNGRASOOBYER,
Dewan.

| | Taluq and Proverthies in which the land is situated. | Boundaries. | Name of block if any. | Probable extent. |
|---|---|---|---|---|
| No. 1. | Chengannur Taluq. Kumbala and Ranee Proverthies. | *North.*—The Bumbay river from Chowrimalay to the Perunthan Aruvi.<br>*East.*—The High range of Hills.<br>*South.*—The Anchencoil river.<br>*West.*—The teak plantation bungalow to the Keddah bungalow, thence in a straight line north to Rajampara 4 miles to the east of Perunad and thence to the Perunthan Aruvi on the Ranee river. | Ranee Reserve. | 280 square miles. |